(ഡി) ഈ ഉത്സവക്കാലത്ത് 500 കോടി രൂപയുടെ വിൽപ്പനയാണ് പ്രതീക്ഷിക്കുന്നത്. ഇതിൽ 200 കോടി രൂപയുടെ സബ്സിഡി നൽകാൻ കഴിയുമെന്ന് കൺസ്യൂമർ ഫെഡ് അറിയിച്ചിട്ടുണ്ട്.

(ഇ) 2009-10 സാമ്പത്തിക വർഷത്തിൽ 24 എണ്ണവും 2010-2011 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 10 ത്രിവേണി സൂപ്പർ മാർക്കറ്റുകളും ആരംഭിച്ചു.

(എഫ്) കോവളം, നേമം, ആര്യനാട്, റാന്നി, കല്ലൂപ്പാറ, വൈക്കം, കടത്തുരുത്തി, പൂഞ്ഞാർ, പുതുപ്പള്ളി, വാഴൂർ, കാഞ്ഞിരപ്പള്ളി, ഇടുക്കി, പറവൂർ, മൂവാറ്റുപുഴ, തൃപ്പൂണിത്തുറ, വടക്കേക്കര, കൊടുങ്ങല്ലൂർ, ചാലക്കുടി, ചേലക്കര, മണലൂർ, ഇരിങ്ങാലക്കുട, ചേർപ്പ്, കൊടകര, തൃശ്ശൂർ, കുഴൽമന്ദം, ഒറ്റപ്പാലം, പട്ടാമ്പി, കൊല്ലങ്കോട്, ചിറ്റൂർ, തൃത്താല, തിരൂർ, കൊണ്ടോട്ടി, താനൂർ, നിലമ്പൂർ, കൊടുവള്ളി, കോഴിക്കോട്, ബാലുശ്ശേരി, മേപ്പയൂർ, നാദാപുരം, കുന്നമംഗലം, സുൽത്താൻ ബത്തേരി, കൽപ്പറ്റ, തലശ്ശേരി, കൂത്തുപറമ്പ്, പേരാവൂർ, അഴിക്കോട്, ഇരിക്കൂർ, പെരിങ്ങളം, തളിപ്പറമ്പ്, പയ്യന്നൂർ, ഉദുമ, മഞ്ചേശ്വരം, തൃക്കരിപ്പൂർ, എന്നീ മണ്ഡലങ്ങളിൽ ഈ വർഷംതന്നെ ത്രിവേണി സൂപ്പർമാർക്കറ്റുകൾ ആരംഭിക്കാൻ കൺസ്യൂമർ ഫെഡ് ലക്ഷ്യമിട്ടിട്ടുണ്ട്.

ക്രയവില സ്ഥിരതാ പദ്ധതി ആവിഷ്ക്കരിച്ചതുമൂലം കയർ മേഖലയിൽ ഉണ്ടായ നേട്ടം

22 (5427) ശ്രീ. എ. എം. ആരിഫ് :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. എം. കെ. പുരുഷോത്തമൻ:
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡിപ്പോ സമ്പ്രദായം അവസാനിപ്പിച്ച് ക്രയവില സ്ഥിരതാ പദ്ധതി ആവിഷ്ക്കരിച്ചതുമൂലം കയർ മേഖലയിൽ ഉണ്ടായ നേട്ടം പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതി വഴി ഇതുവരെ എത്ര കോടി രൂപയുടെ ഓർഡറുകൾ കയറ്റുമതിക്കാരിൽ നിന്നും സമാഹരിച്ച് ചെറുകിട ഉൽപ്പാദക സംഘങ്ങൾ വഴി വിതരണം ചെയ്തു എന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ വർഷം എത്ര കോടി രൂപയുടെ ഓർഡർ സമാഹരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ;

(ഡി) ചെറുകിട ഉൽപ്പാദക സംഘങ്ങളെ സജീവമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പരിശോധിച്ചിട്ടുണ്ട്. കയർ മേഖലയിൽ ഡിപ്പോ സമ്പ്രദായം അവസാനിപ്പിക്കുന്നതിലേക്കായി നടപ്പിലാക്കിയ ക്രയവില സ്ഥിരതാ പദ്ധതി യിലൂടെ ചെറുകിട ഉൽപ്പാദകരെ ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്ന്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

രക്ഷിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ചെറുകിട ഉൽപ്പാദകരെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ച് കൂടുതൽ സഹകരണ സംഘങ്ങൾ രൂപീകരിച്ച് അവരിൽ നിന്നും ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില നൽകി. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ശേഖരിച്ചു വരുന്നു. ഈ പദ്ധതിയിലൂടെ 38000 തൊഴിലാളികൾക്ക് നിശ്ചിത കൂലിയും മറ്റാനുകൂല്യങ്ങളും നൽകുന്നുവെന്ന് ഉറപ്പു വരുത്താനും കഴിഞ്ഞിട്ടുണ്ട്. കയർ കോർപ്പറേഷൻ മുഖാന്തിരം ഉൽപ്പന്നങ്ങൾ വാങ്ങുന്ന കയറ്റുമതിക്കാർക്ക് 7.5% റിബേറ്റ് അനുവദിച്ചു വരുന്നു. ക്രയവില സ്ഥിരതാ പദ്ധതി നടപ്പിലാക്കിയതിലൂടെ ഈ മേഖലയിൽ സൗഹാർദ്ദപരമായ വ്യാവസായികാന്തരീക്ഷം സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) ഈ പദ്ധതി ആരംഭിച്ചശേഷം ഇതുവരെ 120.24 കോടി രൂപയുടെ ഓർഡറുകൾ കയറ്റുമതിക്കാരിൽ നിന്നും ശേഖരിച്ച് ചെറുകിട ഉൽപ്പാദക സംഘങ്ങൾക്ക് നൽകിയിട്ടുണ്ട്. ഇതിൽ 114 കോടി രൂപയുടെ ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിച്ച് കയറ്റുമതിക്കാർക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

(സി) ഈ വർഷം 100 കോടി രൂപയുടെ ഓർഡറുകൾ സ്മാഹരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

ഇ.എം.എസ്. ഭവനപദ്ധതിക്കായി സഹകരണ മേഖലയിൽ നിന്ന് അനുവദിച്ച വായ്പ തുക

23 (5428) ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഇ.എം.എസ് ഭവനപദ്ധതിക്കായി സഹകരണ മേഖലയിൽ നിന്നും ഇതുവരെ എത്ര കോടി രൂപയുടെ വായ്പ അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇത്തരം വായ്പകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അതത് മേഖലയിലെ സഹകരണ സ്ഥാപനങ്ങളിൽ നിന്നും നേരിട്ട് നൽകുകയാണോ ചെയ്തത് ; ഇതിനായി എന്തൊക്കെ മാർഗ്ഗ നിർദ്ദേശങ്ങളാണ് നൽകിയിരിക്കുന്നത് ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൽ നൽകുന്ന വായ്പകളുടെ പലിശ സബ്സിഡി നൽകുന്നതിന് എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ; ഇതിനായി സഹകരണ വകുപ്പിൽ നിന്ന് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടേയും നിർദ്ദേശങ്ങളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ ;

(ഡി) ഈ സാമ്പത്തിക വർഷം ഈ ഇനത്തിൽ എത്ര കോടി രൂപ ധനസഹായം നൽകാനാണ് സഹകരണ വകുപ്പ് ലക്ഷ്യമിട്ടിരിക്കുന്നത് ?